# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന് ലക്കം പതിനൊന്ന് ഏപ്രിൽ 2013

## വായ്പാ വിനിയോഗവും തിരിച്ചടവും ; മാർഗനിർദ്ദേശങ്ങളുമായി കൗൺസലിങ് മീറ്റ്

**രാവണേശ്വരം:** വായ്പാ വിനിയോഗത്തെക്കുറിച്ചും തിരിച്ചടവിനെക്കുറിച്ചും വ്യക്തമായ അറിവില്ലാത്തതിന്റെ പേരിൽ ദുരിതമനുഭവിക്കുന്നവർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുക എന്ന ലക്ഷ്യവുമായി ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ ക്രെഡിറ്റ് കൗൺസലിംഗ് മീറ്റ് സംഘടിപ്പിച്ചു.



ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ നേതൃത്വത്തിൽ രാവണേശ്വരം രാമഗിരിയിൽ നടന്ന ക്രെഡിറ്റ് കൗൺസലിംഗ് മീറ്റ് ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ തങ്കമ്മ ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു.

സർക്കാരിന്റെ പലിശ എഴുതിതള്ളൽ പദ്ധതി, നെൽകൃഷിക്കാർക്കുള്ള പലിശ രഹിത വായ്പ, കാർഷികേതര വായ്പകൾ തുടങ്ങിയവ സെമിനാറിൽ ചർച്ചയായി. യഥാക്രമം തിരിച്ചടവ് നടക്കുന്ന ഹൃസ്വകാല കാർഷിക വായ്പകളാണ് സർക്കാരിന്റെ പലിശ എഴുതി തള്ളൽ പദ്ധതിയിൽവരുന്നതെന്നും തിരിച്ചടവിൽ വീഴ്ച്ചവരുത്തിയവർക്ക് പലിശ ഇളവ് ലഭിക്കില്ലെന്നും ക്ലാസെടുത്തവർ വിശദീകരിച്ചു. ഹൃസ്വകാല കാർഷിക വായ്പകൾക്ക് നിശ്ചയിച്ചിരുന്ന 7% പലിശയിൽ യഥാക്രമം തിരിച്ചടക്കുന്നവർക്ക് കേന്ദ്ര സർക്കാർ നേരത്തേ 3% പലിശ ഇളവ് പ്രഖ്യാപിച്ചിരുന്നു. ബാക്കിവരുന്ന 4% പലിശയാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ഇളവ് ചെയ്തിരിക്കുന്നത്. ഫലത്തിൽ ഹൃസ്വകാല കാർഷിക വായ്പയെടുത്ത് യഥാക്രമം തിരിച്ചടക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്ന മഹത്തായ പദ്ധതിയാണ് ഇപ്പോൾ നിലവിൽവന്നിരിക്കുന്നതെന്നും ക്ലാസിൽ വിശദീകരിച്ചു.

ചിത്താരി സർവ്വീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെ രാവണേശ്വരം രാമഗിരിയിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ തങ്കമ്മ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ചിത്താരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ. എ ഗംഗാധരൻ അധ്യക്ഷതവഹിച്ചു. അജാനൂർ ഗ്രാമപഞ്ചായത്ത് മെമ്പർ പി കാരിയമ്പു, ജില്ലാ സഹകരണ ബാങ്ക് മുൻ ഡയറക്ടർ പി ദാമോദരൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ പ്രസംഗിച്ചു.

ബാങ്കിങ്മേഖലയും നിയമവശങ്ങളും എന്ന വിഷയത്തിൽ അഡ്വ. വി വി രവീന്ദ്രൻ, നേന്ത്രവാഴ കൃഷി-ശാസ്ത്രീയ പരിപാലനമുറകൾ എന്ന വിഷയത്തിൽ വി.എഫ്.പി.സി.കെ അസി. മാനേജർ എ വിനോദിനി എന്നിവർ ക്ലാസെടുത്തു. ജില്ലാ സഹകരണ ബാങ്ക് പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് സ്വാഗതവും ചിത്താരി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ഒ മോഹനൻ നന്ദിയും പറഞ്ഞു. സ്ഥാനമൊഴിഞ്ഞ ചിത്താരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി ദാമോദരന് ചടങ്ങിൽ യാത്രയയപ്പ് നൽകി.

## എഡിറ്റോറിയൽ

### കോർബാങ്കിങ് ; സേവനമേഖലയിൽ പുതിയ കാൽവെപ്പ്

ഇന്നിന്റെ ലോകത്ത് വിവര സാങ്കേതിക വിദ്യ ഉണ്ടാക്കിയ മാറ്റങ്ങൾ ചെറുതല്ല. പണം കൊടുക്കൽ, വാങ്ങൽ എന്നതിനപ്പുറം എ.ടി.എം, എൻ.ഇ.എഫ്.ടി, ആർ.ടി.ജി.എസ്, മൊബൈൽ ബാങ്കിങ്, നെറ്റ് ബാങ്കിങ്... ഇതരമേഖലകളെ പോലെ വിവര സാങ്കേതിക വിദ്യ സമ്മാനിച്ച ഗുണപരമായ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിയ ഒരു മേഖലയാണ് ബാങ്കിങ് മേഖല.

എന്നാൽ ഇത്തരത്തിലുള്ള ആധുനിക ബാങ്കിങ് സേവനങ്ങൾ നമ്മുടെ നാട്ടിലെ വലിയ ഒരു വിഭാഗത്തിന് ഇന്നും അന്യമാണ്. സാധാരണക്കാർ ഏറെയും സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സഹകരണ ബാങ്കുകൾ വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിൽ വേണ്ടത്ര മുന്നോട്ട് പോയില്ല എന്നതാണ് കാരണം. ഇതിന് പരിഹാരമായി കാസർകോട് ജില്ലാ സഹകരണ ബാങ്ക് ഉൾപ്പടെ സംസ്ഥാനത്തെ എട്ട് ജില്ലാ ബാങ്കുകളിൽ നബാർഡിന്റെ സഹായത്തോടെ കോർ ബാങ്കിങ് സംവിധാനം നടപ്പിലാക്കുകയാണ്. കാസർകോട് ജില്ലക്കാരുടെ സ്വന്തം ബാങ്കായ ജില്ലാ സഹകരണ ബാങ്കിൽ കോർ ബാങ്കിങ് സംവിധാനം വരുന്നത് എല്ലാവിഭാഗം ഇടപാടുകാർക്കും ഏറെ പ്രയോജനകരമാകും. ഇതിനകം ജില്ലാ ബാങ്കിന്റെ 11 ശാഖകൾ പുതിയ സംവിധാനത്തിലേക്ക് പ്രവേശിച്ച് കഴിഞ്ഞു. അവശേഷിക്കുന്ന ശാഖകൾ കൂടി കോർബാങ്കിങ് സംവിധാനത്തിലേക്ക് വരുന്നതോടെ ജില്ലാ സഹകരണ ബാങ്കിന്റെ ഇടപാടുകാർക്ക് 36 ശാഖകളിൽ ഏത് ശാഖ വഴിയും ഇടപാട് നടത്താൻ കഴിയും. പുതിയ സംവിധാനത്തിന്റെ കീഴിൽ എ.ടി.എം കൗണ്ടറുകൾകൂടി വരുന്നതോടെ ഇടപാടുകാർക്ക് പണം പിൻവലിക്കൽ കൂടുതൽ എളുപ്പമാകും.

കോർ ബാങ്കിങ് സംവിധാനം ഉൾപ്പടെയുള്ള പുത്തൻ കാൽവെപ്പുകൾ ഉപയോഗപ്പെടുത്തി സഹകരണബാങ്കിങ് മേഖലയെ കൂടുതൽ ഉയരങ്ങളിലെത്തിക്കാൻ ഇന്നാട്ടിലെ സഹകാരികൾ ഉൾപ്പടെയുള്ളവർക്ക് കഴിയേണ്ടതുണ്ട്.


**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മാനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ
ഡെപ്യൂട്ടി ജനറൽ മാനേജർ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ അനീഷ്


# ക്രെഡിറ്റ് കൗൺസലിങ് മീറ്റ് നടത്തി

**മൂലക്കണ്ടം:** കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ അജാനൂർ ഗ്രാമപഞ്ചായത്ത് എട്ടാംവാർഡ് എ.ഡി.എസിന്റെ സഹകരണത്തോടെ ക്രെഡിറ്റ് കൗൺസലിങ് മീറ്റ് നടത്തി.

മൂലക്കണ്ടം കമ്മ്യൂണിറ്റിഹാളിൽ നടന്ന പരിപാടി അജാനൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ടി വി പദ്മിനി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തംഗം കെ കാർത്ത്യായനി അധ്യക്ഷതവഹിച്ചു. കെ എം സുധാകരൻ പ്രസംഗിച്ചു.
ബാങ്കിങ് മേഖലയും നിയമവശങ്ങളും എന്ന വിഷയത്തിൽ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണനും ചെറുകിട തൊഴിൽ സംരംഭങ്ങൾ എന്ന വിഷയത്തിൽ കുടുംബശ്രീ കൺസൾട്ടന്റ് കെ ഉണ്ണികൃഷ്ണനും ജെ.എൽ.ജി ഗ്രൂപ്പ് രൂപീകരണവും പ്രവർത്തനങ്ങളും എന്ന വിഷയത്തിൽ അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാറും ക്ലാസെടുത്തു. എട്ടാംവാർഡ് എ.ഡി.എസ് സെക്രട്ടറി വി വി തുളസി സ്വാഗതവും മാനേജർ പി ചന്ദ്രശേഖരൻ നന്ദിയും പറഞ്ഞു.



*ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ നേതൃത്വത്തിൽ മൂലക്കണ്ടത്ത് സംഘടിപ്പിച്ച ക്രെഡിറ്റ് കൗൺസിലിങ് മീറ്റ് അജാനൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ടി വി പദ്മിനി ഉദ്ഘാടനം ചെയ്യുന്നു.*

# ത്രൈമാസിക: സൃഷ്ടികൾ ക്ഷണിക്കുന്നു

**കാസർകോട്:** കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ നബാർഡിന്റെ ധനസഹായത്തോടെ ത്രൈമാസിക പ്രസിദ്ധീകരിക്കുന്നു. ത്രൈമാസികയുടെ ആദ്യ ലക്കം മെയ് അവസാനവാരം പുറത്തിറങ്ങും. മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനായി ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരിൽ നിന്നും ചെറുകഥ, കവിത എന്നിവ ക്ഷണിക്കുന്നു. സൃഷ്ടികൾ എഡിറ്റർ, ത്രൈമാസിക, കാസർകോട് ജില്ലാ സഹകരണ ബാങ്ക് ലിമിറ്റഡ്, നായക്സ് റോഡ്, കാസർകോട് എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. മാസികയ്ക്ക് പേര് നിർദ്ദേശിക്കാൻ താൽപര്യമുള്ളവരും മുകളിൽ പറഞ്ഞ വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

# ജില്ലാ സഹകരണബാങ്ക് വാർഷിക പൊതുയോഗം നടന്നു



ജില്ലാ സഹകരണബാങ്കിന്റെ വാർഷിക പൊതുയോഗത്തിൽ പ്രസിഡന്റ് പി സി രാമൻ പ്രസംഗിക്കുന്നു.

**കാസർകോട്:** കാസർകോട് ജില്ലാ സഹകരണബാങ്കിന്റെ വാർഷിക പൊതുയോഗം ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്നു. പ്രസിഡന്റ് പി സി രാമൻ അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്കിന്റെ ഷെയർ വർദ്ധിപ്പിക്കാൻ എല്ലാ അംഗ സംഘങ്ങളും അവരവരുടെ നിക്ഷേപങ്ങൾ പരമാവധി ഷെയറാക്കി മാറ്റി സഹകരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

യോഗം 2010-11, 2011-12 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ, ലാഭനഷ്ട കണക്കുകൾ, 2013-14 വർഷത്തെ കരട് ബജറ്റ് എന്നിവ അംഗീകരിച്ചു. ജനറൽ മാനേജർ എ അനിൽകുമാർ സ്വാഗതവും ഡയറക്ടർ ബാലകൃഷ്ണ വോർക്കുഡ്ലു നന്ദിയും പറഞ്ഞു.

# പൗൾട്രി വില്ലേജ് പദ്ധതി: യൂണിറ്റുകൾ ലാഭകരമാക്കാൻ ഗുണഭോക്താക്കൾ തയ്യാറാകണം



പരപ്പ പൗൾട്രി വില്ലേജ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ യോഗത്തിൽ കുടുംബശ്രീ മിഷൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗം അഡ്വ. എൻ.എ ഖാലിദ് പ്രസംഗിക്കുന്നു.

**പരപ്പ:** പൗൾട്രി വില്ലേജ് പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കളും കോഴികളുടെ എണ്ണം വർദ്ധിപ്പിച്ച് അവരവരുടെ യൂണിറ്റുകൾ ലാഭകരമാക്കണമെന്ന് കുടുംബശ്രീ മിഷൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗം അഡ്വ. എൻ.എ ഖാലിദ് അഭിപ്രായപ്പെട്ടു. കോഴിത്തീറ്റയുടെ ഉൽപ്പാദനം, മുട്ടയുടെ വിപണനം എന്നിവയ്ക്കായി മറ്റു പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി തുടങ്ങുമെന്നും പരപ്പ പൗൾട്രി വില്ലേജ് പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള സബ്സിഡി ഉടൻ വിതരണം ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു. കാസർകോട് ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയുടേയും കുടുംബശ്രീയുടേയും നേതൃത്വത്തിൽ നബാർഡിന്റെയും സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബിന്റെയും സഹകരണത്തോടെ പരപ്പയിൽ നടപ്പിലാക്കിവരുന്ന പൗൾട്രി വില്ലേജ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗുണഭോക്താക്കൾ പദ്ധതിയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ യോഗത്തിൽ പങ്കുവെച്ചു. സ്ത്രീ ശാക്തീകരണം, ഭക്ഷ്യസുരക്ഷ എന്നിവ ലക്ഷ്യമാക്കി കോടോം - ബേളൂർ, കിനാനൂർ- കരിന്തളം, ബളാൽ പഞ്ചായത്തുകളിലെ 170 വീടുകൾ കേന്ദ്രീകരിച്ചാണ് പൗൾട്രി വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നത്.

പരപ്പ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന യോഗത്തിൽ ജില്ലാ സഹകരണബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ അബ്ദുൽ മജീദ് ചെമ്പരിക്ക, ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പരപ്പ ശാഖാ മാനേജർ ബി മാധവൻ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ്, കുടുംബശ്രീ കൺസൾട്ടന്റ് കെ ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# നാളികേരകൃഷി; സംശയങ്ങൾ തീർത്ത് കാർഷിക സെമിനാർ



*ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ നേതൃത്വത്തിൽ പെരിയയിൽ നടന്ന ക്രെഡിറ്റ് കൗൺസിലിങ് മീറ്റും കാർഷിക സെമിനാറും പെരിയ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി ഗംഗാധരൻ നായർ ഉദ്ഘാടനം ചെയ്യുന്നു.*

**പെരിയ:** കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധന സഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ പെരിയ ഗാന്ധി സ്മാരക ഗ്രന്ഥാലയത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ക്രെഡിറ്റ് കൗൺസിലിങ് മീറ്റും കാർഷിക സെമിനാറും കർഷകർക്ക് നവോൻമേഷമായി.

ജൈവവളങ്ങൾ ഉപയോഗിച്ചുള്ള നാളികേര കൃഷിയുടെ പ്രാധാന്യം, വിവിധതരം ജൈവവളങ്ങൾ ഉണ്ടാക്കുന്ന വിധം, തെങ്ങിന്റെ ഓല ഉപയോഗിച്ചുള്ള മണ്ണിര കമ്പോസ്റ്റ് നിർമ്മാണം തുടങ്ങിയവയെക്കുറിച്ച് കാസർകോട് കൃഷി വിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞയായ ഡോ. എസ് ലീന ക്ലാസെടുത്തു. തെങ്ങിന്റെ ചെന്നീരൊലിപ്പ് , കൂമ്പുചീയൽ, മച്ചിങ്ങാ പൊഴിച്ചിൽ എന്നിവ തടയാനുള്ള പ്രതിവിധികൾ സംബന്ധിച്ച കർഷകരുടെ ചോദ്യങ്ങൾക്ക് ഡോ. എസ് ലീന ശാസ്ത്രീയ വീക്ഷണത്തോടെയുള്ള വ്യക്തമായ മറുപടി നൽകി. തുടർന്ന് കർഷകർ അവരവരുടെ അനുഭവങ്ങളും പങ്കുവെച്ചതോടെ നാട്ടറിവുകളുടേയും ശാസ്ത്ര തത്വങ്ങളുടേയും സംഗമവേദികൂടിയായി സെമിനാർ.

പെരിയ ഗാന്ധി സ്മാരക വായനശാല പരിസരത്ത് നടന്ന പരിപാടി പെരിയ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി ഗംഗാധരൻ നായർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. ശരിയായ വായ്പാ വിനിയോഗത്തിന്റെയും തിരിച്ചടവിന്റെയും പ്രാധ്യാന്യം അദ്ദേഹം വിശദീകരിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ്, ഗ്രന്ഥാലയം പ്രസിഡന്റ് ടി രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

പെരിയ ഗാന്ധി സ്മാരക വായനശാല & ഗ്രന്ഥാലയത്തിന്റെ 56-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയോടനുബന്ധിച്ച് പ്രദേശത്തെ പ്രമുഖ കർഷകരെ ആദരിച്ചു.

## നാമനിർദ്ദേശം ചെയ്തു

**തിരുവനന്തപുരം :** കാസർകോട് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമൻ, പത്തനംതിട്ട കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം പ്രസിഡന്റ് ജോഷ്വാ മാത്യു, കൊല്ലം വടക്കേവിള ശശി, തൃശൂർ മാമ്പ്ര വെഞ്ചിറപ്പള്ളി അബ്ദുൾ കരീം, പത്തനംതിട്ട വെച്ചൂച്ചിറ തുരുത്തേൽ സി കെ സാജു എന്നിവരെ സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഭരണസമിതിയിലേക്ക് നാമനിർദ്ദേശം ചെയ്ത് ഉത്തരവായി.



പി സി രാമൻ

## ബാലകൃഷ്ണ വോർക്കുഡ്‌ലു ജില്ലാ ബാങ്ക് വൈസ് പ്രസിഡന്റ്

**കാസർകോട് :** കാസർകോട് ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡന്റായി ഭരണസമിതി അംഗമായ ബാലകൃഷ്ണ വോർക്കുഡ്‌ലുവിനെ ഐകകണ്ഠേനെ തെരഞ്ഞെടുത്തു. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമന്റെ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് വൈസ്പ്രസിഡന്റിനെ തെരഞ്ഞെടുത്തത്. നിലവിൽ ചെങ്കള സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റാണ് ബാലകൃഷ്ണ വോർക്കുഡ്‌ലു.



ബാലകൃഷ്ണ വോർക്കുഡ്‌ലു

## കോർബാങ്കിങ്; 11 ശാഖകൾ പുതിയ സംവിധാനത്തിൽ

**കാസർകോട് :** ജില്ലാ സഹകരണ ബാങ്കിൽ കോർ ബാങ്കിങ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാസർകോട് മെയിൻ, പരപ്പ, അമ്പലത്തറ, സീതാംഗോളി, തളങ്കര, തൃക്കരിപ്പൂർ, ചീമേനി, കാസർകോട് ടൗൺ, പൊയ്നാച്ചി, കുണ്ടംകുഴി, ബോവിക്കാനം ശാഖകളിലെ ഇടപാടുകൾ പൂർണ്ണമായും പുതിയ സംവിധാനത്തിലേക്ക് (ഫിനാക്കിൾ) മാറി. അവശേഷിക്കുന്ന ശാഖകൾ മെയ് 27 നകം പുതിയ സംവിധാനത്തിലേക്ക് വരും.

Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)
Phone- 04994-220118, 230118.